# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 8, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

### കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ പങ്കാളിത്തത്തോടെ പെൻഷൻ പദ്ധതി

*571 ശ്രീ. എസ്. രാജേന്ദ്രൻ
,, എളമരം കരീം
,, എം. ഹംസ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ സർക്കാർ പങ്കാളിത്തത്തോടെ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പ് കൈക്കൊണ്ട നിലപാട് വെളിപ്പെടുത്തുമോ ;

(സി) പദ്ധതി എന്ന് മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഡി) പെൻഷനു വേണ്ടി വരുന്ന തുകയിൽ എത്ര ശതമാനം സർക്കാർ വിഹിതമായി നൽകുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ നവീകരണം</u>

*572 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പോലീസ് സ്റ്റേഷനുകളുടെയും ക്വാർട്ടേഴ്സുകളുടെയും സൗകര്യം മെച്ചപ്പെടുത്തുവാനും പോലീസുകാരുടെ യൂണിഫോറം മെച്ചപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജ്, ട്വിറ്റർ പേജ്

*573 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പുതുക്കിയ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ്, പുതിയ ട്വിറ്റർ പേജ് എന്നിവ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സോഷ്യൽ മീഡിയ നൽകുന്ന നവമാദ്ധ്യമ സാധ്യതകൾ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം വിവരങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>തടവുകാർക്കുള്ള തൊഴിൽ പരിശീലനം</u>

*574 ശ്രീ. പുരുഷൻ കടലുണ്ടി
,, ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ശിക്ഷാ തടവുകാർക്ക് ജയിലുകളിൽ എന്തെല്ലാം തൊഴിലുകളാണിപ്പോൾ നൽകിവരുന്നത്; അവർക്ക് വായനയ്ക്കും വിനോദത്തിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ നിലവിലുണ്ടോ;

(സി) പരിശീലന പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്താവുന്ന നിലയിൽ അവരെ തൊഴിലുകളിൽ പ്രാപ്തമാക്കാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനം</u>

*575 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന സമ്പ്രദായം എന്നുമുതലാണ് ആരംഭിച്ചത്; ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടും മത്സ്യസമ്പത്തിൽ വൻ കുറവ് വന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മത്സ്യബന്ധന നയം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ശാസ്ത്രസാങ്കേതിക വകുപ്പിനു കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി</u>

*576 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സയൻസ് ആന്റ് ടെക്നോളജി വകുപ്പിനു കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തിപരിചയ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

### ദേശീയവനനയപ്രകാരം വൃക്ഷവിന്യാസം വര്‍ദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

*577 ശ്രീ. പി. സി. ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷ വിന്യാസം വര്‍ദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കര്‍മ്മപരിപാടികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങള്‍ നല്‍കാമോ;

(ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകള്‍ സ്വന്തം ഭൂമിയില്‍ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നല്‍കിവരുന്നത്; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) നിലവില്‍ സര്‍ക്കാര്‍ നല്‍കിവരുന്ന പ്രതിഫല തുകയില്‍ വര്‍ദ്ധനവ് വരുത്തി പ്രസ്തുത പദ്ധതി വന്‍വിജയമാക്കിത്തീര്‍ക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങള്‍ നട്ടുപിടിപ്പിക്കേണ്ടതിന്റെയും തുടര്‍പരിപാലനത്തിന്റെയും ആവശ്യകത കണക്കിലെടുത്ത് ജനങ്ങളുടെയും സ്കൂള്‍ വിദ്യാര്‍ത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന കര്‍മ്മപരിപാടികള്‍ നടപ്പാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിക്കൽ

*578 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജില്ലകളിലെ വിവാദമായ കേസ്സുകളും ലോക്കൽ പോലീസ് അന്വേഷിക്കുന്നതിൽ ആക്ഷേപമുള്ളതുമായ കേസ്സുകളും അന്വേഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനത്തിൽ കേസ്സ് അന്വേഷിക്കുന്നതിനായി പ്രാഗൽഭ്യവും കഴിവുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയും കേസ്സുകൾ അവലോകനം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ജലസ്രോതസ്സുകൾ നശിപ്പിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ</u>

*579 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായൽ, തടാകങ്ങൾ, ചതുപ്പുകൾ എന്നിവ കയ്യേറി വൻതോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതു മൂലം ഉണ്ടായിട്ടുളള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുളള പഠനം പരിസ്ഥിതി വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും സ്വതന്ത്രസ്ഥാപനങ്ങൾ പഠനം നടത്തിയതായി അറിവുണ്ടോ;

(സി) കായലുകളുടെ വിസ്തൃതി പകുതിയോളം കുറഞ്ഞിട്ടുണ്ടെന്നും, നിർമ്മാണ പ്രവർത്തനങ്ങളും നിക്ഷേപിക്കപ്പെടുന്ന മലിന വസ്തുക്കളും, മലിനജലവും ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള കൊച്ചിയിലെ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ പഠനറിപ്പോർട്ട് പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>കേരള ഫിഷറീസ് സർവ്വകലാശാല</u>

*580 ശ്രീ. എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയിലെ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മത്സ്യമേഖലയുടെ വികസനത്തിന് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന് ഫിഷറീസ് വകുപ്പ് സർവ്വകലാശാലയുമായി കരാറിൽ ഏർപ്പെടുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) ശാസ്ത്രീയ-മത്സ്യകൃഷി സംബന്ധിച്ച് പുതിയ അറിവുകൾ നേടുന്നതിന് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളുമായി മത്സ്യബന്ധന വകുപ്പ് യോജിച്ച് പ്രവർത്തിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## ഗുണനിലവാരമുള്ള ഹെൽമെറ്റ്

*581 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. വി. വിജയദാസ്
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരുചക്ര വാഹനയാത്രക്കാർ ഉപയോഗിക്കുന്ന ഹെൽമറ്റിന് എന്തെല്ലാം സ്പെസിഫിക്കേഷൻ ആണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഭാരക്കുറവും ബലമുള്ളതും വായുസഞ്ചാരം ലഭിക്കുന്ന തരത്തിലുള്ളതുമായ ഹെൽമറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ലഭിക്കുന്ന ഭൂരിപക്ഷം ഹെൽമറ്റുകളും യാത്രക്കാർക്ക് സ്പോൻഡിലോസിസ്, മുടികൊഴിച്ചിൽ, തലവേദന, മൈഗ്രെയ്ൻ പോലുള്ള ബുദ്ധിമുട്ടുകൾ കൂടുതൽ തീവ്രമാകുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇരുചക്ര വാഹന യാത്രക്കാർക്ക് ഭാരക്കുറവും ബലമുള്ളതും വായുസഞ്ചാരം ലഭിക്കുന്ന തരത്തിലുള്ളതുമായ ഹെൽമറ്റ്, സർക്കാർ നേരിട്ടുതന്നെ വില കുറച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സംവിധാനം</u>

*582 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നിരോധനമുള്ളതുകൊണ്ട് സംസ്ഥാനത്തു നിന്നുള്ള ബോട്ടുകൾ മത്സ്യബന്ധനം നടത്താതെ തീരം വറുതിയിലാവുമ്പോൾ വിദേശ, അന്യ സംസ്ഥാന യാനങ്ങൾ കേരളത്തിന്റെ മത്സ്യബന്ധനമേഖലയിൽ മീൻ പിടിക്കുന്നതായ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

അനധികൃത പാറ-മണ്ണ് ഖനനം

*583 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പാറ-മണ്ണ് ഖനനം നടക്കുന്നതായുള്ള വാർത്തകൾ പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാരിസ്ഥിതികാനുമതി സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനങ്ങളോടുകൂടിയാണിവ നടക്കുന്നതെന്നറിയാമോ ;

(സി) നിയമവ്യവസ്ഥകൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ്

*584 ശ്രീ. ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, വി.റ്റി. ബൽറാം
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളുടെ ഓൺലൈൻ ക്രൈം ഡാറ്റാബേസ് തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഡാറ്റാബേസിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>വാഹനാപകടക്കേസുകളിലെ പ്രതികൾക്കുള്ള ശിക്ഷാനടപടി</u>

*585 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകട കേസ്സുകളിൽ പ്രതിയായി ചേർക്കപ്പെടുന്ന അളുകൾ ബഹുഭൂരിപക്ഷവും ശിക്ഷിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വാഹനാപകട കേസ്സുകളിലെ പ്രതികളിൽ വിധി പറഞ്ഞതിൽ എത്ര ശതമാനത്തിന് ശിക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡം

*586 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
'' റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയത് എന്നാണ്;

(ബി) ഇപ്രകാരം നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്പോർട്സിൽ വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2014-2015 സാമ്പത്തിക വർഷം സ്പോർട്സ് ക്വാട്ടയിലൂടെ നിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇപ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുക വഴി കായിക മേഖലയിലേക്കു കൂടുതൽ താരങ്ങളെ ആകർഷിക്കുവാൻ കഴിയുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>ജയിലുകളിൽ കഴിയുന്ന വിദേശികൾ</u>

*587

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലാവധി പൂർത്തിയായി മോചനം കാത്ത് ജയിലുകളിൽ കഴിയുന്ന വിദേശികളെ സ്വന്തം നാടുകളിലേയ്ക്ക് തിരിച്ചയക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) യാത്രാരേഖകളില്ലെന്ന പേരിൽ മോചനം തടസ്സപ്പെട്ടവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇത്തരക്കാരെ എത്രയും വേഗം സ്വന്തം നാടുകളിലേയ്ക്ക് തിരിച്ചയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ടെക്നോളജി ഡവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം</u>

*588 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' ഡൊമിനിക് പ്രസന്റേഷൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജി ഡെവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകളിലുള്ളവരാണ് പ്രസ്തുത പ്രോഗ്രാമുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>ഷെയർ ടാക്സി-ഓട്ടോ സംവിധാനം</u>

*589 ശ്രീ. ആർ. സെൽവരാജ്
,, പി.എ. മാധവൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷെയർ ടാക്സി-ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ പരാതി പരിഹാരസെൽ</u>

*590 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ പരാതി പരിഹാരസെല്ലിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുക;

(ബി) ഏതെല്ലാം തലത്തിലാണ് സെല്ലുകൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരാതികൾ നൽകാൻ എന്തെല്ലാം സംവിധാനമാണ് സെല്ലുകളിൽ ഒരിക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പരാതികൾ സ്വീകരിച്ചുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുവാനും പരാതികൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

**കേന്ദ്രബജറ്റിൽ പരിഗണിക്കുന്നതിലേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ**

*591 ശ്രീ. ബി.ഡി. ദേവസ്സി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബജറ്റിൽ പരിഗണിക്കുന്നതിലേയ്ക്ക് സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കേന്ദ്രധനകാര്യമന്ത്രിയെ മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാനത്തുനിന്നുള്ള ഏതെല്ലാം മന്ത്രിമാർ കാണുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു;

(സി) നാളിതുവരെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ലാത്ത മുൻ യു.പി.എ. സർക്കാരിന്റെ ഉറപ്പുകൾ എന്തെല്ലാമായിരുന്നു; ഈ ഉറപ്പുകളുടെ ഭാവി എന്തായിരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾസെന്ററുകളും ഹെൽപ്പ് ഡെസ്കുകളും</u>

*592 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് പരാതി നൽകുന്നതിന് കാൾസെന്ററുകളും ഹെൽപ്പ് ഡെസ്കുകളും ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ആധുനിക കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് ഉടനടി പരിഹാരം കാണുവാനും കാൾസെന്ററുകളിലും ഹെൽപ്പ്ഡെസ്കുകളിലും എന്തെല്ലാം സംവിധാനമാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ</u>

*593 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് പോലെ മറ്റ് ദേശീയ-അന്തർദേശീയ കായിക-മത്സരങ്ങൾ കൂടുതലായി കേരളത്തിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം കായിക മത്സരങ്ങൾ നടത്തുന്നതിനും കേരളത്തിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാ ജില്ലകളിലും അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

തീരദേശ വികസന കോർപ്പറേഷൻ മുഖേന
അടിസ്ഥാന സൗകര്യവികസനം

*594 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ പുതുതായി എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകുകയുണ്ടായോ യെന്ന് വ്യക്തമാക്കുമോ ;

(ബി) തീരദേശ മേഖലയിലെ എല്ലാവർക്കും വീട്, കുടിവെള്ള -ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതി-ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്താൻ സാധിച്ചുട്ടുണ്ടോ ; ഈ രംഗത്ത് പ്രഖ്യാപിച്ചിരുന്നതും നാളിതുവരെ നടപ്പിലാക്കാതിരുന്നതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>നാട്ടാന പരിപാലനം</u>

*595 ശ്രീ. ചിറ്റയം ഗോപകുമാർ
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനക്ഷേമബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാട്ടാനകൾ ദുരൂഹ സാഹചര്യത്തിൽ ചരിഞ്ഞിട്ടുണ്ടെന്നുളളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആനക്ഷേമ ബോർഡിനെതിരായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) നാട്ടാനകളുടെ പരിപാലനത്തിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ</u>

*596 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽമത്സ്യവിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ഏതെങ്കിലും തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് എത്തിച്ചേരുന്നത് തടയാൻ നടപടികൾ</u>

*597 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വ്യാപകമായ തോതിൽ സ്പിരിറ്റ് എത്തിച്ചേരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആഡംബരകാറുകളും മറ്റ് ചെറുവാഹനങ്ങളും മുഖേനയുള്ള സ്പിരിറ്റ് കടത്ത് തടയുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**08.07.2014-ലെ മറുപടിക്ക്**

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

*598 ശ്രീ. എം. എ. ബേബി
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവിന്റെ എത്ര ശതമാനം സഹായമാണ് ആവശ്യപ്പെട്ടിട്ടുളളതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ യു. പി. എ സർക്കാർ ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) കബോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ഇളവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര സഹായത്തോട് കൂടി വികസിപ്പിക്കാൻ യു. പി. എ സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം സംസ്ഥാനം നിർദ്ദേശിച്ച തുറമുഖം ഏതായിരുന്നുവെന്ന് വ്യക്തമാക്കുമോ; അതിന് ലഭിച്ചിരുന്ന കേന്ദ്രസഹായം എത്ര കോടിയായിരുന്നുവെന്നും തുടർ നടപടികൾ വല്ലതും ആയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് താരങ്ങൾക്കുള്ള സാമ്പത്തിക സഹായം</u>

*599 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസം വഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 08.07.2014-ലെ മറുപടിക്ക്

<u>സര്‍വ്വീസില്‍നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനുള്ള പദ്ധതി</u>

*600 ശ്രീ. കെ. രാധാകൃഷ്ണന്‍
,, ജി. സുധാകരന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വീസില്‍നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഉപയോഗിക്കാനുള്ള പദ്ധതിയുടെ റിപ്പോര്‍ട്ട് സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ;

(ബി) റിപ്പോര്‍ട്ടിലെ ശുപാര്‍ശകള്‍ വെളിപ്പെടുത്തുമോ;

(സി) ഇത് പ്രാവര്‍ത്തികമാക്കുന്നതിനായി രൂപീകരിക്കുന്ന കമ്പനിയുടെ ഘടനയും പ്രവര്‍ത്തനവും മൂലധനവും സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) മൂലധനം ഏതെല്ലാം നിലയില്‍ സ്വരൂപിക്കാന്‍ ഉദ്ദേശിക്കുന്നു;

(ഇ) ഈ പദ്ധതിയ്ക്ക് തന്നാണ്ടിലെ ബജറ്റില്‍ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കില്‍ എത്ര ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂണ്‍ 29.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയില്‍ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റില്‍ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]